**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **11-02-2025 - ൽ മറുപടിയ്ക്ക്**

**കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | **മൂതിക്കയം റെഗുലേറ്റർ പദ്ധതിയിൽ 11.09 മീറ്റർ വീതിയിൽ 156 മീറ്റർ നീളത്തിലുള്ള പാലവും, 12 സ്പാനുകളുടെ റെഗുലേറ്ററും, റെഗുലേറ്ററിന്റെ അപ്സ്ട്രീമിൽ വലതുകരയിൽ 605 മീറ്റർ നീളത്തിലും, ഇടതുകരയിൽ 85 മീറ്റർ നീളത്തിലും ഉള്ള സംരക്ഷണഭിത്തിയും, റെഗുലേറ്ററിന്റെ ഡൗൺസ്ട്രീമിൽ വലതുകരയിൽ 245 മീറ്റർ നീളത്തിലും, ഇടതുകരയിൽ 50 മീറ്റർ നീളത്തിലും ഉള്ള സംരക്ഷണഭിത്തിയും ആണ് പദ്ധതി ഘടകങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത്. കൂടാതെ 186 മീറ്റർ നീളത്തിൽ ഉള്ള അപ്രോച്ച് റോഡ് ആണ് ഇരുകരകളിലും കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പാലം, റെഗുലേറ്റർ, സംരക്ഷണഭിത്തി എന്നിവ പൂർത്തിയായി. നിലവിലുള്ള റോഡിൽ നിന്നും പൂർത്തിയാക്കിയ പാലത്തിലേക്ക് കയറാൻ സാധിക്കുന്നതാണ്.**<br><br>**അപ്രോച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിൽ നിന്ന് സ.ഉ. (സാധാ) നമ്പർ 1609/2022/ റവന്യൂ തീയതി 07.04.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. 2025 മെയ് അവസാനത്തോടെ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ